# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 964** **30.10.2019 ലെ മറുപടി**

## വേമ്പനാട് കായലിന്റെ സംരക്ഷണത്തിന് പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ :** | | **കെ.കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി)** | |
| (എ) | 2018-ലെ പ്രളയകാലത്ത് വന്നടിഞ്ഞ എക്കൽ വേമ്പനാട് കായലിന്റെ ആഴം കുറച്ചതായും, പല സ്ഥലങ്ങളിലും ചെടികൾ വളർന്ന് കായൽ ചതുപ്പ് നിലമാകുന്നുവെന്നുമുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | വേമ്പനാട് കായലിനെ നാശത്തിൽ നിന്നും സംരക്ഷിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; ഇതിനായി എന്തു തുകയാണ് അനുവദിച്ചിട്ടുള്ളത്; വിശദമാക്കാമോ? | (ബി) | 2018 -ലെയും 2019 ലെയും പ്രളയത്തെതുടർന്ന് പ്രളയനിയന്ത്രണത്തിന്റെ ഭാഗമായി വേമ്പനാട്ട് കായലിന്റെ ആഴം വർദ്ധിപ്പിച്ച് ജലസംഭരണ ശേഷി വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണ്. കൈയ്യേറ്റങ്ങൾ മൂലം കായലിന്റെ വ്യാപ്തിയും കുറയുന്നുണ്ട്. കായലിന്റെ ചുറ്റുമുള്ള എക്കോടോൺ ഏരിയ പ്രത്യേകമായി സംരക്ഷിക്കേണ്ടതുണ്ട്. സമഗ്രമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ കായലിലെ മാലിന്യം കുറവുവരുത്തുന്നതിനും ആഴവും വ്യാപ്തിയും വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്. വിവിധ തലങ്ങളിൽ നടന്ന ചർച്ചയെത്തുടർന്ന് കായൽ സംരക്ഷണത്തിനായുള്ള പദ്ധതികൾ തയ്യാറാക്കുന്നതിന് കേരള സംസ്ഥാന പ്ലാനിംഗ് ബോർഡ് നിർദ്ദേശം വെച്ചിട്ടുണ്ട്. ഒക്ടോബർ 2019-ൽ പ്ലാനിംഗ് ബോർഡ് തയ്യാറാക്കിയ പ്രളയാനന്തര കുട്ടനാടിന്റെ പുനർജീവനത്തിനായി തയ്യാറാക്കിയ റിപ്പോർട്ടിൽ (A Special Package for post-Flood Kuttanad) വേമ്പനാട് കായലിന്റെ സമഗ്ര സംരക്ഷണത്തിനായുള്ള പഠനങ്ങൾക്കായി 12 കോടി രൂപയുടെ പദ്ധതി പ്ലാനിംഗ് ബോർഡ് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത പഠന നിർദ്ദേശങ്ങൾ ലഭിച്ച ശേഷം കായലിന്റെ സമഗ്ര സംരക്ഷണത്തിനായുള്ള പദ്ധതി നടപ്പിലാക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**